**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2327** **12-02-2024 - ൽ മറുപടിയ്ക്ക്**

**നേഴ്സിങ് സീറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നേഴ്സിങ് പഠനത്തിനായി 2011-16 കാലയളവിൽ എത്ര സീറ്റുകളാണുണ്ടായിരുന്നതെന്നും നിലവിൽ ഉള്ള സീറ്റുകൾ എത്രയാണെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് നഴ്സിംഗ് പഠനത്തിനായി ആക്സിലറി നഴ്സിംഗ് & മിഡ്‌വൈഫറി കോഴ്സ് (എ.എൻ.എം.), ജനറൽ നഴ്സിംഗ് & മിഡ്‌വൈഫറി കോഴ്സ് (ജി.എൻ.എം.), ബി.എസ്.സി. നഴ്സിംഗ്, എം.എസ്.സി. നഴ്സിംഗ്, പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ്, പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സ്പെഷ്യാലിറ്റി നഴ്സിംഗ് എന്നീ കോഴ്സുകളിലായി 2011-16 കാലയളവിൽ സംസ്ഥാനത്ത് ഉണ്ടായിരുന്ന സീറ്റുകളുടെ എണ്ണവും നിലവിലുള്ള സീറ്റുകളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര നേഴ്സിങ് കോളേജുകൾ ആരംഭിച്ചിട്ടുണ്ടെന്നും അതു വഴി എത്ര സീറ്റുകൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, സർക്കാർ മേഖലയിൽ 7 പുതിയ നഴ്സിംഗ് കോളേജുകളും, 100 സീറ്റോടു കൂടി തിരുവനന്തപുരം നഴ്സിംഗ് കോളേജിന്റെ അധികബാച്ചും ആരംഭിച്ചു. തത്ഫലമായി 520 ബി.എസ്.സി. (നഴ്സിംഗ്) സീറ്റുകൾ സംസ്ഥാനത്ത് ലഭ്യമായി. കൂടാതെ, നിലവിലുണ്ടായിരുന്ന നഴ്സിംഗ് കോളേജുകളിൽ 92 ബി.എസ്.സി. (നഴ്സിംഗ്) സീറ്റുകൾ വർദ്ധിപ്പിച്ചു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ മേഖലയിൽ മാത്രം വർദ്ധിപ്പിച്ച ആകെ ബി.എസ്.സി. (നഴ്സിംഗ്) സീറ്റുകളുടെ എണ്ണം 612 ആണ്.<br><br>മെറിറ്റ് അടിസ്ഥാനത്തിൽ മാത്രം നിയമനം നടത്തുന്ന സർക്കാർ നിയന്ത്രണത്തിലുള്ള വിവിധ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ 11 സ്വാശ്രയ കോളേജുകളും സ്വകാര്യ സ്വാശ്രയ മേഖലയിൽ 14 കോളേജുകളും ആരംഭിച്ചു. കൂടാതെ, നിലവിലുള്ള സ്വാശ്രയ കോളേജുകളിൽ അടിസ്ഥാന സൗകര്യം മാനദണ്ഡമാക്കി 31 കോളേജുകൾക്ക് സീറ്റ് വർദ്ധന അനുവദിച്ചിരുന്നു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വാശ്രയ മേഖലയിൽ 1820 ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിച്ചു. എം.എസ്.സി. (നഴ്സിംഗ്)-ന് സർക്കാർ കോളേജുകളിൽ 32 സീറ്റുകളും, സ്വകാര്യ സ്വാശ്രയ മേഖലയിൽ 27 സീറ്റുകളും വർദ്ധിപ്പിച്ചു. പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് 55 സീറ്റുകൾ പുതുതായി ലഭ്യമാക്കി. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## വിവിധ നഴ്സിംഗ് കോഴ്സുകളിലായി 2011-16 കാലയളവിൽ സംസ്ഥാനത്ത് ഉണ്ടായിരുന്ന സീറ്റ് നില

| വർഷം | നഴ്സിംഗ് കോഴ്സ് | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എ.എൻ.എം. | | ജി.എൻ.എം. | | ബി.എസ്.സി. (നഴ്സിംഗ്) | | എം.എസ്.സി. (നഴ്സിംഗ്) | | പോസ്റ്റ് ബേസിക് ബി.എസ്.സി. (നഴ്സിംഗ്) | | പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ (നഴ്സിംഗ്) | |
| | സീറ്റുകളുടെ എണ്ണം | | | | | | | | | | | |
| | സർക്കാർ | സ്വാശ്രയം | സർക്കാർ | സ്വാശ്രയം | സർക്കാർ | സ്വാശ്രയം | സർക്കാർ | സ്വാശ്രയം | സർക്കാർ | സ്വാശ്രയം | സർക്കാർ | സ്വാശ്രയം |
| 2011 | 180 | 295 | 440 | 6340 | 315 | 5425 | 110 | 801 | 30 | 1190 | 62 | 155 |
| 2012 | 180 | 280 | 465 | 6290 | 315 | 5905 | 110 | 811 | 30 | 1370 | 62 | 185 |
| 2013 | 180 | 230 | 467 | 6200 | 315 | 6045 | 120 | 830 | 30 | 1370 | 62 | 225 |
| 2014 | 180 | 230 | 517 | 5800 | 375 | 6005 | 120 | 860 | 30 | 1370 | 62 | 275 |
| 2015 | 180 | 230 | 517 | 4385 | 375 | 6045 | 120 | 850 | 30 | 1280 | 72 | 275 |
| 2016 | 180 | 210 | 519 | 3940 | 375 | 6045 | 120 | 794 | 30 | 1220 | 72 | 185 |

# വിവിധ നഴ്സിംഗ് കോഴ്സുകളിലായി സംസ്ഥാനത്ത് നിലവിലുള്ള സീറ്റ് നില

| നഴ്സിംഗ് കോഴ്സ് | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| എ.എൻ.എം. | | ജി.എൻ.എം. | | ബി.എസ്.സി. (നഴ്സിംഗ്) | | എം .എസ്.സി. (നഴ്സിംഗ്) | | പി.ബി. ബി .എസ്.സി. (നഴ്സിംഗ്) | | പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സ്പെഷ്യാലിറ്റി (നഴ്സിംഗ്) | |
| നഴ്സിംഗ് സീറ്റുകളുടെ എണ്ണം 31.01.2024 വരെ | | | | | | | | | | | |
| സർക്കാർ | സ്വാശ്രയം | സർക്കാർ | സ്വാശ്രയം | സർക്കാർ | സ്വാശ്രയം | സർക്കാർ | സ്വാശ്രയം | സർക്കാർ | സ്വാശ്രയം | സർക്കാർ | സ്വാശ്രയം |
| 130 | 220 | 579 | 3527 | 1090 | 8508 | 159 | 460 | 77 | 375 | 84 | 85 |

സ്വാശ്രയ മേഖലയിൽ ബി.എസ്.സി (നഴ്സിംഗ്) കോഴ്സിനുള്ള 8508 സീറ്റുകളിൽ 1120 എണ്ണം സർക്കാരിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള സിമെറ്റ്, കേപ്, സിപാസ് എന്നീ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കോളേജുകളിലാണ്.